**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണത്തിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്ക് നൽകി വരുന്ന റേഷൻ വിതരണത്തിൽ ക്രമക്കേട് നടക്കുന്നതായുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആദിവാസി വിഭാഗങ്ങൾക്ക് പൊതുവേ റേഷൻ വിതരണം സുഗമമായാണ് നടന്നു വരുന്നത്. എന്നാൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ എ.ആർഡി. 156-ൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ടി ഡിപ്പോയുടെ അംഗീകാരം സസ്പെന്റ് ചെയ്തു. ടി വിഷയത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വിജിലൻസിന്റെ അന്വേഷണം പുരോഗമിക്കുന്നു. സംസ്ഥാനത്ത് ആദിവാസികൾക്കുള്ള റേഷൻ വിതരണവുമായി ബന്ധപ്പെട്ട് മറ്റ് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചില പ്രദേശങ്ങളിൽ ആദിവാസികൾക്ക് സൗജന്യമായി നൽകേണ്ട അരിക്ക് വില ഈടാക്കുന്നുവെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ ആദിവാസികൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കാൻ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 വകുപ്പ് 30 പ്രകാരം ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് '**സഞ്ചരിക്കുന്ന റേഷൻകട**'. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകടകരമായ സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ |

| | | | |
|---|---|---|---|
| | | | നേരിട്ടെത്തി റേഷൻ വിതരണം നടത്തി വരുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭക്ഷ്യ ഭദ്രതാ പരിപാടികൾ ഗോത്ര മേഖലയിൽ പൂർണ്ണമായ ഫലപ്രാപ്തിയിൽ നിർവഹിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനു ഗോത്രവർഗ്ഗ ജനതയെ തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനും ഭക്ഷ്യ ഭദ്രതാ ആനുകൂല്യങ്ങൾ കൃത്യമായ ഗുണമേൻമയിലും, അളവിലും അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലുടനീളമുള്ള ഗോത്രവർഗ്ഗ മേഖലകളിൽ സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ, 'ഭാസുര' എന്ന വനിതാ ഭക്ഷ്യ ഭദ്രതാ കൂട്ടായ്മ രൂപീകരിച്ച് അതിന്റെ കൺവീനർമാർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |
| (ഡി) | ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് ആദിവാസികൾക്കായി പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ക്ലോസ് (സി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ